**തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി**
**ചെയർപേഴ്സൺ & ജില്ലാ മജിസ്ട്രേറ്റിന്റെ നടപടിക്രമം.**
(ഹാജർ – കെ. ഗോപാലകൃഷ്ണൻ ഐ എ എസ് )
(ദുരന്ത നിവാരണ നിയമം 2005 വകുപ്പ് 34 പ്രകാരം പുറപ്പെടുവിക്കുന്നത് )

**DDMA/01/2020/COVID (26-1)** **തീയതി: 20/03/2020**

വിഷയം : ദുരന്ത നിവാരണം – കൊറോണ രോഗപ്രതിരോധ പ്രവർത്തനങ്ങൾ – വിദേശത്തു നിന്നും എത്തിയിട്ടുള്ള വ്യക്തികൾ ക്വാറന്റൈൻ നിർദേശം കർശനമായി പാലിക്കുന്നത് – പൊതുസ്ഥലങ്ങളിൽ ജനങ്ങൾ കൂട്ടം കൂടുന്നത് നിയന്ത്രണമേർപ്പെടുത്തി – ഉത്തരവ് – സംബന്ധിച്ച്.

കൊറോണ രോഗബാധ അന്താരാഷ്ട്ര പകർച്ചവ്യാധിയായി ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചിട്ടുണ്ട്. ഭാരത സർക്കാരും വിദേശികളുടെ ഇൻഡ്യയിലേയ്ക്കുള്ള വരവടക്കം നിയന്ത്രിച്ച് മുൻകരുതൽ നടപടി ആരംഭിച്ചിരിക്കുകയാണ്. തിരുവനന്തപുരം ഉൾപ്പടെയുള്ള കേരളത്തിലെ വിവിധ ജില്ലകളിൽ ഇതിനകം തന്നെ കൊറോണ രോഗം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താൻ 18/03/2020 ന് തിരുവനന്തപുരം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല ഉന്നതാധികാരയോഗം ഈ സാഹചര്യം വിലയിരുത്തുകയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ക്വാറൻറ്റൈൻ പാലിക്കാൻ നിർദ്ദേശിക്കപെട്ടിരിക്കുന്ന രോഗബാധയുണ്ടാകാൻ സാധ്യതയുള്ള വ്യക്തികൾ, അത് കൃത്യമായി പാലിക്കേണ്ടത് അത്യാവശ്യമാണെന്നും അത് നിരീക്ഷണം നടത്തി ഉറപ്പാകേണ്ടതാണെന്നും വിലയിരുത്തി. അതോടൊപ്പം സാമൂഹിക അകലം പാലിക്കേണ്ടത് രോഗവ്യാപനത്തിനുള്ള സാധ്യത ഇല്ലാതാക്കാനുള്ള പ്രധാനപ്പെട്ട ഉപായമാണെന്നുള്ള നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അത് പാലിക്കപെടുന്നില്ലയെന്ന വിവരത്തിൻ്റെ അടിസ്ഥാനത്തിൽ ജനങ്ങൾ കൂട്ടം കൂടുന്നത് ഒഴിവാക്കാനുള്ള കൂടുതൽ കർശന നടപടികൾ ആവശ്യമാണെന്നും കണ്ടെത്തി.

2. ഇതിന്റെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ നിയമം 2005 ലെ വകുപ്പ് 30, 26 എന്നിവ പ്രകാരം എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഉത്തരവ്</u>**

3(1). കൊറോണ രോഗപ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി, 01/03/2020 ന് ശേഷം വിദേശത്തുനിന്നും എത്തിച്ചേർന്നിട്ടുള്ള എല്ലാ വ്യക്തികളും നിർബന്ധമായും അതാത് സംഗതി പോലെ 28 ദിവസം അല്ലെങ്കിൽ 14 ദിവസം സ്വന്തം വീടുകളിൽ മറ്റാരുമായും സമ്പർക്കമില്ലാതെ കഴിയേണ്ടത് രോഗവ്യാപനം തടയാൻ അത്യന്താപേക്ഷിതമാണെന്നു കണ്ടെത്തിയതിനെത്തുടർന്ന്, ആരോഗ്യവകുപ്പ് വ്യക്തമായ ഹോം ക്വാറന്റയിൻ നിർദേശം നൽകിയിട്ടുള്ളതാണ്. ആയതിനാൽ, വിദേശത്തു നിന്നും

എത്തിയിട്ടുള്ള ഏതൊരു വ്യക്തിയും, ആരോഗ്യവകുപ്പ് നൽകിയിട്ടുള്ള ഈ ക്വാറന്റയിൻ നിർദേശം ലംഘിച്ച്, മറ്റ് വ്യക്തികളുമായി അടുത്തിടപഴകുവാനോ, ചികിത്സയുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങളിൽ ആശുപത്രിയിൽ പോകുന്നതൊഴിച്ച് മറ്റ് പൊതുസ്ഥലങ്ങളിൽ പോകുവാനോ മറ്റുള്ളവരുമായി ഇടപെഴകുവാനോ പാടില്ലായെന്ന് ഇതിനാൽ ഉത്തരവാകുന്നു.

3(2). ഈ ഉത്തരവ് ലംഘിക്കുന്ന പക്ഷം ദുരന്ത നിവാരണ നിയമം 2005 ലെ വകുപ്പ് 51(b) പ്രകാരം, 2 വർഷം വരെ തടവ് ശിക്ഷ ലഭിക്കുന്ന കുറ്റം ചെയ്തതായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. ആരോഗ്യ വകുപ്പിന്റെയും നഗരസഭകളുടെയും മെഡിക്കൽ ഓഫീസർമാർ /ഹെൽത്ത് ഓഫീസർമാർ/ ഹെൽത്ത് ഇൻസ്പെക്ടർമാർ, എന്നിവർ ഈ ഉത്തരവ് നടപ്പാക്കേണ്ടതും, ഏതെങ്കിലും തരത്തിലുള്ള ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആവശ്യമായ നിയമ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4(1). കോവിഡ്-19 പ്രതിരോധം ശക്തമാക്കുന്നതിനും കൊറോണ വൈറസ് ബാധ തടയുന്നതിനുമായി തിരുവനന്തപുരം ജില്ലയിലെ പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും ജനങ്ങൾ കൂട്ടം കൂടുന്നത് കർശനമായി നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണെന്ന് കണ്ടെത്തിയതിനാൽ ദുരന്ത നിവാരണ നിയമം വകുപ്പ് 34 (b) (m) പ്രകാരവും 1955 ലെ തിരുവിതാംകൂർ കൊച്ചി പൊതുജന ആരോഗ്യ നിയമം വകുപ്പ് 73 പ്രകാരവും ആരാധനാലയങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സമ്മേളനങ്ങൾ എന്നിവ ഉൾപ്പെടെ ഏതൊരു പൊതു സ്വകാര്യ ചടങ്ങിലും അൻപതിൽ (50) കൂടുതൽ ആളുകൾ കൂട്ടം ചേരുന്നത് നിരോധിച്ച് ഉത്തരവാകുന്നു. ഈ ഉത്തരവ് ഉടൻപ്രാബല്യത്തിൽ നിലവിൽ വരുന്നതും ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ തുടരുന്നതുമാണ്.

4(2). എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും ഈ ഉത്തരവ് കർശനമായി നടപ്പാക്കേണ്ടതും ഇത് ലംഘിക്കുന്നവർക്കെതിരെ ദുരന്ത നിവാരണ നിയമം വകുപ്പ് 51 (b) പ്രകാരം 2 വർഷം വരെ തടവ് ശിക്ഷ ലഭിക്കുന്ന കുറ്റമായി കണക്കാക്കി തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

5(1). മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള അഥിതി തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള എല്ലാ നടപടികളും ജില്ലാ ലേബർ ഓഫീസർ കൈക്കൊള്ളേണ്ടതാണ്. കോവിഡ് 19 നെ പറ്റിയുള്ള അവബോധം അവർക്കിടയിൽ വ്യാപിപ്പിക്കാൻ ആവശ്യമുള്ള പ്രചാരണം ജില്ലാ ലേബർ ഓഫീസർ കൈക്കൊള്ളേണ്ടതാണ്. ഇതിനായി ഹിന്ദി അടക്കമുള്ള മറ്റ് ഇന്ത്യൻ ഭാഷകളിലുള്ള നോട്ടീസുകൾ തയ്യാറാക്കി വിതരണം ചെയ്യേണ്ടതും അഥിതി തൊഴിലാളികളുടെ ഇടയിൽ ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ പ്രകാരമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നു എന്നുറപ്പാകേണ്ടതുമാണ്.

5(2). ഏതെങ്കിലും അഥിതി തൊഴിലാളികൾക്ക് കോവിഡ് 19 രോഗത്തിൻറെ ലക്ഷണങ്ങൾ കണ്ടെത്തുന്ന പക്ഷം അവർക്കു അടിയന്തിര വൈദ്യ സഹായം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പുമായി ഏകോപിച്ചു പ്രവർത്തിക്കേണ്ടതും ഏതെങ്കിലും അഥിതി

തൊഴിലാളികളെ ക്വാറന്റയിൻ (ഏകാന്തമായി പാർപ്പിക്കേണ്ടുന്ന) ആവശ്യം ഉണ്ടെന്ന ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്നപക്ഷം അതിനുള്ള എല്ലാ സൗകര്യവും ഒരുക്കി നൽകേണ്ടതുമാണ്.

5(3). ഈ ഉത്തരവ് കർശനമായി നടപ്പാക്കേണ്ടതും അല്ലാത്തപക്ഷം ദുരന്ത നിവാരണ നിയമം വകുപ്പ് 55, 56 പ്രകാരം 1 വർഷം വരെ തടവ് ശിക്ഷ ലഭിക്കുന്ന കുറ്റമായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

sd/-
**ചെയർപേഴ്സൺ**
**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി &**
**ജില്ലാ മജിസ്ട്രേറ്റ് തിരുവനന്തപുരം**

ഉത്തരവിൻ പ്രകാരം

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി**

1. ജില്ലാ പോലീസ് മേധാവി (സിറ്റി & റൂറൽ), തിരുവനന്തപുരം.
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തിരുവനന്തപുരം. (ആവശ്യമായ പ്രചരണം നൽകുന്നതിന്)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
4. ഹെൽത്ത് ഓഫീസർ, നഗരസഭ, തിരുവനന്തപുരം.
5. ജില്ലാ ലേബർ ഓഫീസർ, തിരുവനന്തപുരം
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം